# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.477

### 05-06-2018 ൽ മറുപടിക്ക്

### കോട്ടക് മഹേന്ദ്ര ബാങ്കിൽ കിഫ്ബി നിക്ഷേപിച്ച തുക

| ചോദ്യം<br>ശ്രീ. വി.ടി. ബൽറാം | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ അക്കൗണ്ടിലുള്ള തുകയിൽ നിന്ന് 22.01.2018 -ൽ എത്ര കോടി രൂപയാണ് കോട്ടക് മഹേന്ദ്ര ബാങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതെന്നും അതിന്റെ പലിശ നിരക്ക് എത്ര ശതമാനമാണെന്നും അറിയിക്കുമോ; | 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ 3-ാം വകുപ്പ് പ്രകാരം കിഫ്ബി നിധിയിൽ ലഭ്യമായിട്ടുള്ള തുകയിൽ നിന്നും 500 കോടി രൂപ 22.01.2018 ൽ കോട്ടക് മഹീന്ദ്ര ബാങ്കിൽ 5.7 ശതമാനം വാർഷിക പലിശ നിരക്കിൽ സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കിഫ്ബിയുടെ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മറ്റിയുടെ നിർദ്ദേശപ്രകാരം കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശ ചെയ്തതും, ബോർഡ് അംഗീകരിച്ചതുമായ കിഫ്ബിയുടെ പുതിയ ഇൻവെസ്റ്റ്മെന്റ് പോളിസി പ്രകാരം കിഫ്ബിയിലെ ഫണ്ടിന്റെ 20% തുകയെ ഒരു ബാങ്കിൽ ഒരേ സമയം നിക്ഷേപിക്കാവൂ. നിലവിൽ കോട്ടക് മഹീന്ദ്ര ബാങ്കിലെ നിക്ഷേപം ഈ പരിധിയ്ക്കുള്ളിലാണ്. |
| (ബി) ക്വട്ടേഷൻ/ടെൻഡർ വിളിച്ചാണോ പ്രസ്തുത തുക ഈ ബാങ്കിൽ നിക്ഷേപിച്ചതെന്ന് വ്യക്തമാക്കുമോ; | ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബി നിധിയിൽ ലഭ്യമാകുന്ന തുക സംസ്ഥാന ട്രഷറിയിലല്ലാതെയുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിൽ നിക്ഷേപിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ ഉയർന്ന റേറ്റിംഗ് നൽകിയിട്ടുള്ള കോട്ടക് മഹീന്ദ്ര ബാങ്കിൽ നിന്ന് കിഫ്ബിക്ക് മെച്ചപ്പെട്ട പലിശ ലഭിക്കുന്നതോടൊപ്പം ഈ ബാങ്കിന്റെ സുഗമമായ ഓൺലൈൻ സേവനസൗകര്യം കിഫ്ബിക്ക് പ്രയോജനപ്പെടുന്നു. കിഫ്ബി നിധിയിൽ നിലവിൽ ലഭ്യമായ |
| (സി) എങ്കിൽ ഏതൊക്കെ ബാങ്കുകളാണ് ക്വട്ടേഷനിൽ പങ്കെടുത്തതെന്ന് അറിയിക്കുമോ; | |
| (ഡി) വിവിധ ബാങ്കുകൾ ഓഫർ ചെയ്തിരുന്ന പലിശ നിരക്ക് എത്ര ശതമാനമാണ്? | |

| | |
|---|---|
| | ഭൂരിഭാഗം തുകയും ഹ്രസ്വകാല സ്ഥിരനിക്ഷേപങ്ങളിലാണ് നിക്ഷേപിച്ചിരിക്കുന്നത്. പദ്ധതികൾ നടപ്പിലാക്കുന്ന മുറയ്ക്ക് ആവശ്യമായി വരുന്ന തുക അനായാസം വിനിയോഗിക്കുന്നതിനായാണ് ആക്ടിലെ വ്യവസ്ഥ പ്രകാരം ബാക്കി തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ